കായലിൽ കുത്തകപ്പാട്ടത്തിനു പതിച്ചുകൊടുത്തിട്ടുള്ള ഭാഗങ്ങൾ

326. [27] ശ്രീ. പി. കെ. യശോധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളംകായലിൽ കുത്തകപ്പാട്ടത്തിനും, അല്ലാതെയും, മറ്റും പതിച്ചുകൊടുത്തിട്ടുള്ള ചില ഭാഗങ്ങളെ സംബന്ധിച്ച് വല്ല പരാതിയും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ എന്തെല്ലാം;

(സി) അതിന്മേൽ എന്തു നടപടി നടത്തിയിട്ടുണ്ട്?

ഉത്തരം.

(എ) ഉണ്ട്.

(ബി) കുത്തകപ്പാട്ടം റദ്ദുചെയ്ത് സ്ഥലം ഗവണ്മെൻറ് അധീനതയിൽ എടുക്കണമെന്നാണ് അതിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

(സി) അക്കാര്യം ഗവണ്മെൻറിൻറെ ആലോചനയിലിരിക്കുകയാണ്.

UNSTARRED QUESTIONS POSTED FOR ANSWER ON 13-4-1955

ബസ്സുകൾ ഓടുന്ന റോഡുകൾ.

327. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ;

(എ) ബസ്സുകൾ ഓടുന്ന റോഡുകൾ മെറ്റൽ ചെയ്യുന്നതുകൊണ്ട് യാത്രക്കാക്ക് വളരെ വിഷമതകളുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിനറിയാമോ;

(ബി) ഉണ്ടെങ്കിൽ അതിനു ഒരു നിവാരണമുണ്ടാക്കുവാൻ ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ കൈക്കൊള്ളുമോ;

(സി) ഇരിഞ്ഞാലക്കുട നിയോജകമണ്ഡലത്തിൽപ്പെട്ട മുരിയാട് ആനന്ദപുരംവഴി ബസ്സ് യാത്രക്കാക്ക് ആശ്വാസം നൽകുന്നതിനു് അടുത്ത വർഷത്തിൽ അതു് മെറ്റൽ ചെയ്തുകൊടുക്കുവാൻ ദയവുണ്ടാകുമോ?

ഉത്തരം.

(എ) മെറ്റൽ ചെയ്യുമ്പോൾ യാത്രക്കാക്ക് കുറെ അസൗകര്യമായിരിക്കുമെന്നറിയാം.

(ബി) ധനസ്ഥിതി അനുസരിച്ച് കഴിയുന്നത്ര റോഡുകൾ മെറ്റൽ ചെയ്യുവാൻ ഉത്സാഹിക്കുന്നതാണ്.

(സി) ഈ വഴി മെറ്റൽ ചെയ്യുന്ന കാര്യം വർക്സ് കമ്മിറ്റി മുമ്പാകെ വച്ച് അവരുടെ അഭിപ്രായം ആരാഞ്ഞതിനുശേഷം ആവശ്യമായ നടപടികൾ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly